**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1330** **01-02-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തികരിച്ചിട്ടുള്ളതെന്നും പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേയുടെ 26.7 കി.മീ ദൂരമാണ് വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. നിലവിൽ ടി പദ്ധതിയുടെ അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും കിഫ്ബി സ്പെഷ്യൽ തഹസിൽദാറുമായി ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തീകരിച്ച് 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി കളക്ടറുടെ ഓഫീസിൽ നിന്നും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കടൽത്തീരത്തുകൂടി കടന്നുപോകുന്ന തീരദേശ ഹൈവേയുടെ സംരക്ഷണത്തിനായി തീരദേശ ഹൈവയോടൊപ്പം കടൽ ഭിത്തിയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വൈപ്പിൻകര ഉൾപ്പെടുന്ന റീച്ചിൽ എത്ര തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കടൽഭിത്തി നിർമ്മിക്കാതെ റോഡ് വികസനം സാധ്യമല്ലാത്തിടത്ത് അവ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | വൈപ്പിൻകരയിലൂടെ തീരദേശ ഹൈവേ കടന്ന് പോകുമ്പോൾ എത്ര പേർക്കാണ് വീടും സ്ഥലവും നഷ്ടപ്പെടുന്നതെന്നും ഇവരുടെ പുനരധിവാസത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | തീരദേശ ഹൈവേ നിർമ്മാണം മൂലം വീടും സ്ഥലവും നഷ്ടപ്പെടുന്നവരുടെ വിശദ വിവരങ്ങൾ ശേഖരിക്കുന്നതിനും സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനുമായി കളക്ടറുടെ ഓഫീസിൽ നിന്നും ഏജൻസിയെ നിയമിച്ചിട്ടുണ്ട്. ഈ ഏജൻസിയുടെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് ബാധിതരുടെ വിശദവിവരം ലഭ്യമാകുന്നതാണ്. പദ്ധതിക്കുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് 2013 ലെ RFCTLARR ആക്ട് അടിസ്ഥാനമാക്കിയാണ്. ഇതിന് പുറമെ തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലിനുള്ള പ്രത്യേക പുനരധിവാസ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ഈ പാക്കേജിനെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബോധവത്കരിക്കുവാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. തീരദേശ ഹൈവേ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവർത്തികൾക്കുള്ള SPV ആയി നിയോഗിച്ചിട്ടുള്ള കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) അതിർത്തി കല്ലുകൾ സ്ഥാപിച്ച റീച്ചുകളിൽ വീട് വീടാന്തരം സർവ്വേ നടത്തി, പദ്ധതിയെ കുറിച്ച് ജനങ്ങൾക്ക് വിശദീകരിക്കുകയും പദ്ധതിയെ കുറിച്ചുള്ള ആശങ്കകൾ ദൂരീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ